"ഭരണഭാഷ – മാതൃഭാഷ"

നമ്പർ. എച്ച് (4)/60885/2016/ഡിപിഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 24/03/2017

## സർക്കുലർ

**വിഷയം** : പൊതു വിദ്യാഭ്യാസം – വിദ്യാർത്ഥിനികളുടെ കേശ പരിചരണവും സ്കൂൾ അച്ചടക്കവും സംബന്ധിച്ച്.

സൂചന : കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 10/8/2016 ലെ സി.ആർ.എം.പി നമ്പർ 5404/14/എൽ.എ2/2016/കെ.ഇ.എസ്.സി.പി.സി.ആർ ഉത്തരവ്.

******

പല സ്കൂളുകളിലും പെൺകുട്ടികൾ എല്ലാ ദിവസവും മുടി രണ്ടായി വേർതിരിച്ച് പിരിച്ചുകെട്ടണമെന്ന് അധ്യാപകർ നിർബന്ധിക്കുന്നതിനെതിരെ ലഭിച്ച പരാതി പരിശോധിച്ച് ബാലാവകാശ സംരക്ഷണകമ്മീഷൻ മേൽ സൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. രാവിലെ കുളിച്ചതിനു ശേഷം ശരിക്കും ഉണങ്ങാതെ മുടി രണ്ടായി വേർതിരിച്ചു പിരിച്ചു കെട്ടിയാൽ മുടിയിൽ ദുർഗന്ധം ഉണ്ടാകുമെന്നും, മുടിയുടെ വളർച്ചയെയും നിലനില്പിനെയും അത് പ്രതികൂലമായി ബാധിക്കുമെന്നും ആയതിനാൽ പല പെൺകുട്ടികളും രാവിലെ കുളിക്കാതെ സ്കൂളിൽ വരാൻ നിർബന്ധിക്കപ്പെടുന്നതായും മാത്രമല്ല രാവിലെ പ്രഭാത കൃത്യങ്ങൾക്കും പഠനത്തിനുമിടയിൽ മുടി വേർതിരിച്ച് രണ്ടായി പിരിച്ചുകെട്ടാൻ സമയവും പരസഹായവും കണ്ടെത്തുക ബുദ്ധിമുട്ടാണെന്നും കമ്മീഷൻ നിരീക്ഷിക്കുകയുണ്ടായി. നീളം കുറഞ്ഞ മുടിയുള്ളവർക്കും കനം കുറഞ്ഞ മുടിയുള്ള വർക്കും മുടി രണ്ടായി പകുത്ത് കെട്ടുന്നത് അനാകർഷകമാണെന്നും പെൺകുട്ടികൾ ആയതിനാലാണ് തങ്ങൾ ഈ ദുരിതം അനുഭവിക്കുന്നതെന്നും ആൺകുട്ടികൾക്ക് ഇത്തരം പശ്നങ്ങളില്ലെന്നുമുള്ള ഹർജിക്കാരിയുടെ വാദം പരിഗണിച്ച് കമ്മീഷൻ ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശിക്കുകയുണ്ടായി. ആയതിനാൽ ഈ വിഷയത്തിൽ സംസ്ഥാനത്തെ സ്കൂൾ പ്രഥമാധ്യാപകർക്ക് താഴെപ്പറയുന്ന നിർദേശങ്ങൾ നൽകുന്നു.

സ്കൂൾ അച്ചടക്കത്തിന്റെ ഭാഗമായി മുടി ഒതുക്കിക്കെട്ടാൻ കുട്ടികളോട് ആവശ്യപ്പെടാമെങ്കിലും, അവർക്ക് മാനസികമായും ആരോഗ്യപരമായും ദോഷകരമായി ബാധിക്കുന്ന രീതിയിൽ നിർബന്ധമായും മുടി രണ്ടായി വേർതിരിച്ച് പിരിച്ചുകെട്ടണമെന്ന് അവരെ അധ്യാപകർ നിർബന്ധിക്കരുത്.

കുട്ടികൾക്ക് വിദ്യാഭ്യാസവും അച്ചടക്കവും നൽകുന്നത് ഭാവിയിലെ നല്ല പൗരന്മാരായി അവരെ വാർത്തെടുക്കുന്നതിനാണെന്നും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഒന്നും

(മറുപുറം ....)

തന്നെ അവർക്ക് ശാരീരികമോ മാനസികമോ ആയ വിഷമതകൾക്ക് വഴിവെക്കുന്നതാകരുതെന്നുമുള്ള കാര്യം എല്ലാ അധ്യാപക - അനധ്യാപക ജീവനക്കാരും ഓർക്കേണ്ടതും അച്ചടക്കത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾക്ക് ഇരയാകുന്നില്ലെന്ന് എല്ലാ സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതുമാണ്.

കെ.വി. മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ.

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
(2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
(4) എല്ലാ പ്രഥമാദ്ധ്യാപകർക്കും.
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
(5) കരുതൽ ശേഖരം.

എ.സി-